

# വികാരിയിൽ നിന്ന് ....

26-05-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രിയദൈവജനമേ,

നമ്മുടെ ഇടവകയുടെ 2016–2017 വർഷത്തെ വാർഷികപൊതുയോഗം അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തല്ലോ. കഴിഞ്ഞ ഒരു വർഷം ഇടവകയ്ക്ക് വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ച ഔദ്യോഗിക ഭാരവാഹികളോടും, കൈസ്ഥാന സമിതി അംഗങ്ങളോടും,സംഘടനാ ചുമതലക്കാരോടും, പ്രിയപ്പെട്ട എല്ലാ ഇടവക ജനങ്ങളോടും ഉള്ള നന്ദിയും, സ്നേഹവും, കടപ്പാടും അറിയിക്കുന്നു. പുതിയ സാമ്പത്തിക വർഷത്തിൽ (2017–18) ചുമതല ഏറ്റിരിക്കുന്ന ഇടവകയുടെ ഔദ്യോഗിക ഭാരവാഹികൾക്കും, സംഘടനാ ചുമതലക്കാർക്കും, കൈസ്ഥാന സമിതി അംഗങ്ങൾക്കും കാര്യക്ഷമതയോടും, ഉത്തരവാദിത്വത്തോടും, വിശ്വസ്ഥതയോടും, ഊർജ്ജ്വസ്വലതയോടും പ്രവർത്തിപ്പാൻ ദൈവം തമ്പുരാൻ ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. പുതിയ വർഷത്തിൽ ഒത്തൊരുമിച്ച് ദൈവസ്നേഹത്തിൽ ഇടവകയുടെ പ്രവർത്തനങ്ങളിൽ സജീവമായി സംബന്ധിക്കുവാൻ ഏവരും ഉത്സാഹിക്കണമേ.

വിശുദ്ധനായ പൗലോസ് അപ്പൊസ്തലൻ റോമർ 12:2 ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു "ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിനു മനസ്സ് പുതുക്കി രൂപാന്തരപ്പെടുവീൻ". നമ്മുടെ മനസ്സിനു രൂപാന്തരം ഉണ്ടാകണം. 'Not to be Conformed, But to be Transformed". രൂപാന്തരം എന്നതിനു 'മെറ്റാമോർഫോസിസ്' എന്നുള്ള ജീവശാസ്ത്രപരിണാമം അത്യന്തം അനുയോജ്യമാണ്. മനശാസ്ത്രരംഗത്തും മനസിൻെറ രൂപാന്തരം അതീവ ഗൗരരവമായ വിഷയം തന്നെയാണ്. നമ്മുടെ വ്യക്തിത്വത്തിൻെറ കേന്ദ്രമാണ് മനസ്സ്. നമ്മുടെ മനസിൻെറ അവസ്ഥ അനുസരിച്ച് മാത്രമെ നമ്മുടെ വീക്ഷണവും രൂപപ്പെടുകയുള്ളു, വിലയിരുത്തൽ സംഭവിക്കുകയുള്ളു. അതുകൊണ്ട് മനസ്സിനാണ് രൂപന്തരമുണ്ടാകേണ്ടത്. ചൊറിച്ചിൽ വരുത്തുന്നതും ഇലകൾ തിന്ന് നശിപ്പിക്കുന്നതുമായ ഒരു വിചിത്ര ജീവി–ഒരു പച്ചിലപ്പുഴു, സമൂല രൂപാന്തരത്തിനു വിധേയമാകുന്നു. അത് ചിത്രശലഭമായി മാറുന്ന പ്രക്രിയക്ക് മെറ്റാമോർഫോസിസ് എന്ന് പറയും. ഇതുപോലെ നമ്മുടെ മനസിനു ഒരു മെറ്റാമോർഫോസിസ് സംഭവിക്കണം. നശീകരണ സ്വഭാവമുള്ള ഒരു വികൃത ജീവിയിൽ നിന്ന് വർണ്ണച്ചിറകുള്ള മനോഹര ശലഭമായി (ചിത്രശലഭം) മാറുന്ന പോലെ അശുദ്ധിയുടെയും മ്ലേച്ഛതയുടെയും ചെളിക്കുണ്ടിൽ നിന്ന് നമുക്ക് ഉയർന്ന് വിശുദ്ധിയുടെ അവസ്ഥയിലെത്തിച്ചേരാൻ കഴിയണം.

ഇത് അസാദ്ധ്യമായ കാര്യമല്ല. ക്രിസ്തീയ സുവിശേഷം സാക്ഷിക്കുന്നത് ഇത് സാദ്ധ്യമാണെന്ന് തന്നെയാണ്. പരിശുദ്ധാത്മാവാണ് മനസ്സിൻെറ പുതുക്കം കൈവരുത്തുന്നത്. പൗലോസ് ഇക്കാര്യം വ്യക്തമാക്കുന്നു. "എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിൻെറ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവെന്ന കർത്താവിൻെറ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു (2.കോരി.3:18)

ഈ ആന്തരികമായ പുതുക്കമൊരു തുടർന്നടപടിയാണ്. ഒരിക്കൽ ചെയ്ത് പിന്നീട് നിഷ്ക്രിയരായി കഴിയാവുന്നതല്ല. നാം ഉപയോഗിക്കുന്ന കണ്ണാടി ദിവസത്തിൽ എത്രയോ പ്രാവശ്യം നാം തുടയ്ക്കുന്നു.കണ്ണാടിയിൽ പൊടിപടലം പുരണ്ട് കാഴ്ചയ്ക്ക് വ്യക്തത നഷ്ടമാകുമ്പോഴെല്ലാം ഈ പ്രക്രിയ തുടരുന്നു. ഇതുപോലെ നാം വസിക്കുന്ന അന്തരീക്ഷം കൂടുതലായി പൊടിപടലം സൃഷ്ടിക്കുന്നതാണ്. അതുകൊണ്ട് കൂടെക്കൂടെ ഈ പുതുക്കൽ ആവശ്യമായിവരുന്നു അതുകൊണ്ട് പൗലോസ് പറയുന്നു, ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ള മനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. (2.കോരി.4:16)

ചുറ്റുപാടുകളുടെ സമ്മർദ്ദത്തിനും സ്വാധീനത്തിനും വഴിപ്പെടാതെ ജീവിക്കുവാൻ സാധിക്കുക എന്നത് ഒരു നിസ്സാര കാര്യമല്ല. ഇവിടെയാണ് ശക്തമായ വെല്ലുവിളി നാം നേരിടേണ്ടിവരിക. വിശുദ്ധ വേദപുസ്തകത്തിൽ നോഹയെക്കുറിച്ച് ഇങ്ങനെ പറയുന്നു, 'അവൻ നീതിമാനും തൻെറ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു', നോഹ ദൈവത്തോടു കൂടെ നടന്നു.(ഉൽപത്തി. 6:9). മറ്റൊരു ദൃഷ്ടാന്തം, ദാനിയേൽ പ്രവാചൻെറ പുസ്തകത്തിൽ കാണാം. ബാബിലോണിലേക്ക് പ്രവാസികളായി കൊണ്ടുപോകപ്പെട്ട ദാനിയേൽ, ശദ്രക്ക്, മേശെക്ക്, അബേദ്നഗോ, എന്നീ എബ്രായ ബാലന്മാരുടെ ജീവിതം;രാജകൊട്ടാരത്തിലെ വീഞ്ഞും,മാംസവും,അവിടുത്തെ മറ്റ് ഭക്ഷണങ്ങളും അവരുടെമേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമം നടക്കുന്നു.എന്നാൽ ഈ ചെറുപ്പക്കാർ അതിനോട് ചെറുത്ത് നിന്നു. രാജാവിൻെറ ഭോജനം കൊണ്ടും, അവൻ കുടിക്കുന്ന വീഞ്ഞ് കൊണ്ടും സ്വയം അശുദ്ധമാക്കുകയില്ല എന്ന് അവർ ഹൃദയത്തിൽ തീരുമാനം ചെയ്തു. ദൈവ കൃപയിൽ ആശ്രയിച്ച് സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളെ അതിജീവിക്കുവാൻ ഈ ചെറുപ്പക്കാർക്ക് സാധിച്ചു. ഈ ദൃഷ്ടാന്തങ്ങൾ നമുക്കും പ്രചോദനം നൽകുന്നതാണ്. ആകയാൽ ഈ ലോകത്തോട് അനുരൂപപ്പെടാതെ ദൈവമക്കൾക്ക് അനുയോജ്യമായ വിശുദ്ധിയുടെയും, സ്നേഹത്തിൻേറയും അനുഭവത്തിൽ ജീവിക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിനു രൂപാന്തരം ഉണ്ടാകണം. അത് പരിശുദ്ധാത്മാവ് നമ്മിൽ കൈവരുത്തും. ദാവീദ് പ്രാർത്ഥിച്ചു"ദൈവമെ നിർമ്മലമായൊരു ഹൃദയംഎന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരു ആത്മാവിനെ എന്നിൽ പുതുക്കണമെ"(സങ്കീ.51:10). ഇതായിരിക്കണം നമ്മുടെ ഉത്ക്കടമായ ആഗ്രഹവും നിരന്തരമായ പ്രാർത്ഥനയും, ഇതിനു ദൈവം നമ്മെ ഏവരേയും സഹായിക്കുമാറാകട്ടെ ആമീൻ.

നിങ്ങളുടെ ഇടവക വികാരി

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com